**(ഇ-മലയാളിയുടെ പ്രണയവാര -പ്രണയ പ്രളയത്തിലേക്ക് ഒരു കടലാസ്സ് വഞ്ചി. എല്ലാവർക്കും വലൻറയിൻ ആശംസകൾ)**

# ഒളിസേവ

സുധീർ പണിക്കവീട്ടിൽ

ഇന്നലെ സന്ധ്യ മടങ്ങും നേരം
അത് വഴി വന്ന കറുത്തൊരു പെണ്ണ്
ഒന്നും രണ്ടും പറയാനായെൻ
പടിവാതിൽക്കൽ നിന്നല്ലോ.

അടിമുടിയവളിൽ വിരിയുകയായി
പുളകങ്ങൾ പുതുഭാവങ്ങൾ
ഇടം വലം ഞങ്ങൾക്ക് മറയായ് നിന്നു
ഇരുളിൻ ചുരുളുകൾ കുസ്രുതിയുമായ്

എന്തോ പറയണമല്ലോ ചുണ്ടിൻ
പൂട്ടു തുറക്കുന്നതെങ്ങിനെയോ
പുഞ്ചിരി താക്കോൽ നീട്ടി കൊണ്ടവൾ
കണ്ണാൽ എന്തോ മന്ത്രിച്ചു

മുട്ടേണ്ട താമസമല്ലേ കെട്ടുകൾ
പൊട്ടാൻ എന്നറിയാതെ
മിണ്ടാതിരുവർ ഞങ്ങൾ നിന്നു
മൗനം കാവൽ നിന്നു

തൊട്ടരികിൽ നാം നിൽക്കുമ്പോഴും
ഒത്തിരി ദൂരത്തെന്നൊരു തോന്നൽ
കാരണമെന്തേ നിൻ കണ്ണിണ്ണയിൽ
കത്തും ലക്ഷ്മണ വരയാണോ?

ഒത്തിരി പുഞ്ചിരി പൂക്കൾ
ചുണ്ടിൻ ചെണ്ടിൽ നിന്നു വിരിഞ്ഞപ്പോൾ
ഊറികൂടിയ മധുകണമെല്ലാം
അവളെൻ കാതിൽ ഇറ്റിച്ചു

പ്രേമിക്കാനൊരു ദിവസം ഇവിടെ
ഏഴംകടലിനിക്കരെയുണ്ടേ
ഇന്നാണാദിനമെന്നെ - ഇനിയും
ഇവിടെ തന്നെ നിറുത്തുന്നോ?

**ശുഭം**